**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1413** **11-09-2023 - ൽ മറുപടിയ്ക്ക്**

**തീരദേശ ഹൈവേ പദ്ധതിയും ടൂറിസം വികസനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീമതി കെ. കെ. രമ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തീരദേശത്തെ ടൂറിസം വികസനമാണോ തീരദേശ ഹൈവേയുടെ പ്രധാന ലക്ഷ്യമെന്ന് വ്യക്തമാക്കാമോ; | (എ) | കേരളത്തിന്റെ തീരമേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ടാണ് തീരദേശ ഹൈവേ പദ്ധതിക്ക് രൂപം നൽകിയത്. തീരപ്രദേശത്തെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനുള്ള പശ്ചാത്തല സൗകര്യം ഒരുക്കുകയാണ് തീരദേശ ഹൈവേ പദ്ധതിയുടെ ലക്ഷ്യം. തീരപ്രദേശത്തെ ജനങ്ങളുടെ തൊഴിലും ജീവിതവും ഈ പദ്ധതിയുടെ ഭാഗമായി മെച്ചപ്പെടും. മത്സ്യബന്ധനമേഖലയിൽ മികച്ച പശ്ചാത്തല സൗകര്യം ഒരുങ്ങുന്നത് ആ മേഖലയിൽ വലിയ കുതിപ്പ് ഉണ്ടാകാൻ സഹായിക്കും. ഇത് തീരപ്രദേശത്തെ ജനതയുടെ ജീവിത നിലവാരം ഉയർത്താനും സഹായ കരമാകും. മത്സ്യ അനുബന്ധ മേഖലകളിലെ വ്യവസായവും ഇതുവഴി മെച്ചപ്പെടും. തീരമേഖലകളിലെ ചെറുകിട വ്യവസായത്തെ സമ്പുഷ്ടമാക്കാനും ഇതുവഴി സാധിക്കും. സംസ്ഥാനത്തെ നിരവധി ബീച്ചുകൾ ഇതിനോടകം തന്നെ ലോകപ്രശസ്തമാണ്. അത്തരം ബീച്ചുകളി ലേക്കുള്ള പശ്ചാത്തല സൗകര്യം മെച്ചപ്പെടുന്നത് ടൂറിസം മേഖലക്ക് ഗുണകരമാകും. പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ ഇതിന്റെ ഭാഗമായി വികസിപ്പിക്കും. |
| (ബി) | തീരദേശ ഹൈവേയുടെ ഭാഗമായി 50 കി.മീ ദൈർഘ്യത്തിൽ ഇടവിട്ട് 12 ടൂറിസം ഹബ്ബുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് തീരദേശ ഹൈവേ പദ്ധതിയുടെ പദ്ധതിരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | കേരളത്തിലെ നിരവധി ബീച്ചുകൾ ഇതിനോടകം തന്നെ ലോകപ്രശസ്തമാണ്. വിദേശവിനോദസഞ്ചാരികൾ ഉൾപ്പെടെ ഉള്ള വിനോദസഞ്ചാരികൾ ബീച്ച് ടൂറിസ ത്തിന്റെ ഭാഗമായി കേരളത്തിൽ എത്തുന്നുണ്ട്. ബീച്ച് ടൂറിസത്തിന്റെ സാധ്യത വർധിക്കും എന്നതിനാൽ പുതിയ ഡെസ്റ്റിനേഷനുകൾ തീരദേശപാതയുടെ ഭാഗമായി വികസിപ്പിക്കും. ജനവാസ മേഖല അല്ലാത്ത |

| | | | |
|---|---|---|---|
| | | | ഇടങ്ങൾ വിശദപദ്ധതി രേഖ തയ്യാറാക്കുന്ന ഘട്ടത്തിൽ നിർദ്ദേശിക്കുന്നുണ്ട്. |
| (സി) | പരമ്പരാഗതമായി മത്സ്യബന്ധനവും അനുബന്ധത്തൊഴിലും ഉപജീവനമാർഗമാക്കിയ മത്സ്യത്തൊഴിലാളി സമൂഹത്തെ തീരദേശ ഹൈവേ എങ്ങിനെ ബാധിക്കും എന്ന പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഡി.പി.ആർ. തയ്യാറാക്കുന്ന ഏജൻസികൾ നിയമപരമായ പരിശോധനയും പഠനവും നടത്തിയാണ് തീരദേശപാതയുടെ വിശദപദ്ധതി രേഖ തയ്യാറാക്കുന്നത്. |

സെക്ഷൻ ഓഫീസർ